കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - മെരിറ്റ് സ്കോളർഷിപ്പ് - ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്ത 450.00000 ലക്ഷം രൂപ (നാന്നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം) - റിലീസ് ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ. ഉ. (സാധാ) നം. 3055/2024/GAD | തിരുവനന്തപുരം, 08/07/2024

---

പരാമർശം : -

1. 23/01/2015 ലെ സ. ഉ. (അ) നം. 48/2015/ധന.
2. 13/07/2023 തീയതിയിലെ സ. ഉ. (സാധാ) നം. 3187/2023/GAD.
3. 30/03/2024 തീയതിയിലെ ഈ-ലാംസ് റെജിസ്ട്രേഷൻ നം. 42/2024.
4. 27/03/2024 തീയതിയിലെ കത്ത് നം. 154/A2/2023/KSWCFC.

e-LAMS

ഉത്തരവ്

സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മറ്റും ഫണ്ട് ചെലവഴിക്കുന്നതിലെ കാര്യക്ഷമതയും തുടർച്ചയും ഉറപ്പാക്കുന്നതിനായി പരാമർശം ഒന്ന് പ്രകാരം ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മെരിറ്റ് സ്കോളർഷിപ്പ് 1700.00000 ലക്ഷം രൂപ (ആയിരത്തിയെഴുന്നൂറ് ലക്ഷം രൂപ മാത്രം) സർക്കാർ ധനസഹായം അനുവദിച്ചു കൊണ്ട് പരാമർശം രണ്ട് പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. ഭരണാനുമതി പ്രകാരം അനുവദിക്കപ്പെട്ട തുക കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കാതെ വന്നതിനാൽ പരാമർശം മൂന്ന് പ്രകാരം 450.00000 ലക്ഷം രൂപ (നാന്നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം) ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ പോസ്റ്റ് ചെയ്ത് അനുമതി നൽകിയിരുന്നു.

3. ഘടകം-1–സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 2500/- രൂപ വീതം 8000 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 200 ലക്ഷം രൂപ. ഘടകം-2-സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന ഹയർ സെക്കണ്ടറി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 4000/- രൂപ വീതം 9000 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 360 ലക്ഷം രൂപ. ഘടകം-3–സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നുമുള്ള എല്ലാ ടെക്നിക്കൽ/വൊക്കേഷണൽ ഡിപ്ലോമാ/സർട്ടിഫിക്കറ്റ് കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 6000/- രൂപ വീതം 900 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 54 ലക്ഷം രൂപ. ഘടകം-4-Institute of Chartered Accountants/Institute of Company Secretaries of India/ Institute of Cost Accountants of India എന്നിവയുടെ CA/CMA (ICWA)/CS പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 10,000/- രൂപ വീതം 90 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 9 ലക്ഷം രൂപ. ഘടകം-5-സർക്കാർ/എയ്ഡഡ്/ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നോൺ-പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 6000/- രൂപ വീതം 9000/- ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനും കൂടാതെ ഇത്തരത്തിലുള്ള പ്രൊഫഷണൽ ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 8000/- രൂപ വീതം 3200 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആകെ 796 ലക്ഷം രൂപ. ഘടകം-6-സർക്കാർ/എയ്ഡഡ്/ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നോൺ-പ്രൊഫഷണൽ ബിരുദന്തര ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 10,000/- രൂപ വീതം 1500ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനും കൂടാതെ ഇത്തരത്തിലുള്ള പ്രൊഫഷണൽ ബിരുദന്തര ബിരുദ കോഴ്സുകൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 16,000/- രൂപ വീതം 225 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആകെ 186 ലക്ഷം രൂപ. ഘടകം-7-ദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദന്തര കോഴ്സുകൾക്ക് (IIT, NIT, IIM etc) സ്കോളർഷിപ്പ് ഇനത്തിൽ 50,000/- രൂപ 78 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് ആകെ 39 ലക്ഷം രൂപ. ഘടകം-8-ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (M.Phil, Ph.D) സ്കോളർഷിപ്പ് ഇനത്തിൽ 25,000 /- രൂപ വീതം 20 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് 5 ലക്ഷം രൂപ.

e-IAMS

4. ഇക്കാര്യങ്ങൾ സർക്കാർ പരിശോധിച്ചതിൻ പ്രകാരം പദ്ധതിയിലെ മേൽ ഘടകങ്ങൾ നടപ്പാക്കാൻ 450.00000 ലക്ഷം രൂപ (നാന്നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം) റിലീസ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.

6. 2024-25 സാമ്പത്തിക വർഷത്തിലെ 2235-02-190-97-00-34-00-P-V എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഈ ചെലവ് വഹിക്കാവുന്നതാണ്.

7. 1) പ്രസ്തുത തുക STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല. 2) 29/08/2009-ലെ സർക്കുലർ നം 75/09/ധന എന്നതിലേയും, 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. 3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും GO(MS)No. 4/2020/Fin dated : 09/01/2020 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. 4)വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് ടി സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-34-(OC)-P എന്ന ശീർഷകത്തിൽ നിന്നും 450.00000 ലക്ഷം രൂപ (നാന്നൂറ്റിയമ്പത് ലക്ഷം രൂപ മാത്രം) പിൻവലിച്ച് കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no- 799012700000550) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K.R.JYOTHILAL

ADDITIONAL CHIEF SECRETARY

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി&എസ് എസ് എ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇൗ&ആർ എസ് എ), കേരള, തിരുവനന്തപുരം

ബന്ധപ്പെട്ട വകുപ്പ്/പൊതുമേഖല സ്ഥാപനം

ഡയറക്ടർ, ട്രഷറി വകുപ്പ്

ധനകാര്യ വകുപ്പ് (2540284)

പൊതുഭരണ അക്കൗണ്ട്സ്-ജെ വകുപ്പ് 3 പകർപ്പുകൾ സഹിതം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

Section Officer

e-LAMS